(ഡി) ഇല്ല. ഇപ്പോൾ പരിഗണനയിലില്ല.

(ഇ) സബ്ജില്ലാ മത്സരങ്ങളിൽ അവ നടക്കുന്ന സ്കൂളുകളിലെ അദ്ധ്യാപക രക്ഷാകർതൃ സമിതിയുടെ സഹകരണത്തോടെ ചില സബ് ജില്ലകളിൽ ഭക്ഷണം നൽകാറുണ്ട്. ആവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ എല്ലാ സബ്ജില്ലകളിലും ഭക്ഷണം നൽകുന്നില്ല. ജില്ലാതല അത്‌ലറ്റിക് മത്സരങ്ങളിൽ എല്ലാ ജില്ലയിലും ഭക്ഷണം നൽകിവരുന്നുണ്ട്.

കൊല്ലം ജില്ലയിലെ എൽ.പി/യു.പി. അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്

80 (7047) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ 2012 മാർച്ച് 9-ന് നിലവിൽവന്ന എൽ.പി./യു.പി. അസിസ്റ്റന്റ് റാങ്ക് റിസ്റ്റിൽനിന്നും നാളിതുവരെ നടന്ന നിയമനങ്ങളുടെ വിശദാംശങ്ങൾ ഓപ്ഷൻ, സംവരണം എന്നീ ഇനങ്ങൾ തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നുവരെ ദീർഘിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത വിഭാഗത്തിൽ ഇപ്പോൾ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; ആയതിൻ പ്രകാരം നിയമനം നടത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ ;

(സി) എയ്ഡഡ് സ്കൂളുകളിൽ ഡിവിഷൻ ഫാൾമൂലം തസ്തിക നഷ്ടപ്പെടുന്ന അദ്ധ്യാപകരെ സംരക്ഷിക്കുന്നതിന് ഇത്തരം ഒഴിവുകൾ ഉപയോഗിക്കുന്നത് റാങ്ക് ലിസ്റ്റിൽനിന്നും നിയമനം പ്രതീക്ഷിക്കുന്ന തൊഴിൽരഹിതരുടെ അവസരങ്ങൾ നഷ്ടപ്പെടുത്തുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; പി.ഒ. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരും ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്തതുമൂലം നിയമനം യഥാസമയം നടക്കാതെ പോകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനുള്ള കർശന നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) എയ്ഡഡ് സ്കൂളുകളിൽ ഡിവിഷൻ ഫാൾമൂലം തസ്തിക നഷ്ടപ്പെടുന്ന അദ്ധ്യാപകരെ സംരക്ഷിക്കുന്നതിന് നിലവിൽ സർക്കാർ സ്കൂളുകളിലെ ഒഴിവുകൾ ഉപയോഗിക്കുന്നില്ല.

(ഡി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യഥാസമയം റിപ്പോർട്ടു ചെയ്യുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly